**കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈററി,**
**വിനോദസഞ്ചാര വകുപ്പ്**
**കേരള സർക്കാർ**
**ററി.സി,26/849(1),**
**യൂണിവേഴ്സിററി വുമൺസ് ഹോസ്റ്ററൽ ജംഗ്ഷൻ , വഴുതക്കാട്,**
**തിരുവനന്തപുരം 695 014**
Phone: + 91-471 – 2320777, Fax: + 91-471 – 2320999
E-mail: adventuretourismkerala.gov@gmail.com Website:
www.adventurekeralatourism.com/ http:www.keralatourism.gov.in

# ക്വൊട്ടേഷൻ നോട്ടീസ്

KATPS/035/2014

02/01/2016

സാഹസിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധസാഹസിക വിനോദ പ്രവർത്തനത്തിനങ്ങൾക്ക് ഒരു യന്ത്രവൽകൃത ബോട്ട് വാടകയ്ക്ക് നൽകുന്ന തിന് താൽപര്യമുള്ള ബോട്ടുടമകളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകള ക്ഷണിച്ചു കൊള്ളുന്നു.

ഏറ്റവും കാര്യക്ഷമതയും Sea Worthiness ഉള്ളതും കുറഞ്ഞ തുകയ്ക്കുമുള്ള തുമായ ക്വൊട്ടേഷനാണ് അംഗീകരിക്കുന്നത്. കാലപ്പഴക്കം കുറഞ്ഞ ബോട്ടിന് മുൻഗണന നൽകുന്നതാണ്. ക്വൊട്ടേഷൻ കവറിനുപുറത്ത്, ബോട്ട് വാടകയ്ക്ക് നൽകുന്നതിനുള്ള ക്വൊട്ടേഷൻ എന്ന് എഴുതിയിരിക്കേണ്ടതാണ്. ക്വൊട്ടേഷൻ തപാലിലോ നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

ക്വൊട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയായ 08/02/2016 ന് ഉച്ചയ്ക്ക് ശേഷം 2 മണിക്ക് മുൻപായി ചീഫ് എക്സിക്യൂട്ടീവ് , കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈററി, ററി.സി,26/849(1), യൂണിവേഴ്സിററി വുമൺസ് ഹോസ്റ്ററൽ ജംഗ്ഷൻ , വഴുതക്കാട്,തിരുവനന്തപുരം 695014 എന്ന മേൽവിലാസ

ത്തിൽ ടി മുദ്ര വച്ച കൊട്ടേഷനുകൾ ലഭിച്ചിരിക്കണം. നിർദ്ദിഷ്ട സമയത്തിനു ശേഷവും നിബന്ധനകൾ പാലിക്കാതെയും ലഭിക്കുന്ന കൊട്ടേഷനുൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കൊട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 3 മണിയ്ക്ക് ഹാജരുളള കൊട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുകയും തുടർന്ന് ടൂറിസം ഡയറക്ടറുടെ അംഗീകാരത്തിനായി അയയ്ക്കുന്നതുമാണ്.

ബോട്ട് വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖകൾ പ്രത്യേകം ഉള്ള ടക്കം ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തന സമയങ്ങളിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈററി വഴുതക്കാട് ഓഫീ സിൽ നിന്നും അറിയാവുന്നതാണ്.

സ്വകാര്യ ബോട്ട് വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

1) മണിക്കൂറിൽ 10 നോട്ടിക്കൽ മൈലിൽ കുറയാത്ത വേഗതയും 9.9 HP യിൽ കുറയാത്ത കാര്യക്ഷമതയും ഉളള ബോട്ട് ആയിരിക്കണം.

2) ബോട്ട് 18 അടിയോ അതിൽ കൂടുതലോ നീളമുളളതും ഫൈബർ ബോഡി നിർമ്മിതവും ആയിരിക്കണം.

3) ഒരു വർഷത്തിൽ കുറവ് പഴക്കമുളളതും നല്ല പ്രവർത്തന യോഗ്യമായതു മായ ബോട്ടിന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

4) ബോട്ടിന്റെ Sea Worthiness (ഭൗതിക പരിശോധന) പരിശോധിക്കുന്നതിന് ബോട്ട് സ്വന്തം ചെലവിൽ നടപടി ക്രമങ്ങൾ പാലിച്ച് നടപടി പൂർത്തികരി ക്കേണ്ടതാണ്.

5) ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവ് ലഭിച്ച 7 ദിവസത്തിനകം ക്വട്ടേഷൻ പ്രകാ രമുളള ബോട്ട് ഹാജരാക്കുകയും കരാർ ഉടമ്പടിയിൽ ഒപ്പ് വയ്ക്കേണ്ടതാണ്.

6) ബോട്ട് വാടകയ്ക്ക് എടുക്കുന്നത് കുറഞ്ഞത് 6 മാസത്തേക്കൊ കൂടിയത് സർക്കാർ തീരുമാനിക്കുന്ന കാലയളവ് വരെയുമായിരിക്കും.

7) ബോട്ടിൽ നിയോഗിക്കപ്പെട്ട അപകട ഇൻഷ്വറൻസ് ബോട്ടുടമ തന്നെ വഹിക്കേണ്ടതാണ്.

8) വാടകക്കെടുക്കുന്ന കാലയളവിൽ ബോട്ടിന്റെ അറ്റകുറ്റപണികൾ, മെയിന്റനൻസ്, തുടങ്ങിയവ ബോട്ടുടമ തന്നെ വഹിക്കേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

9) ബോട്ടിന് ഇൻഷ്വറൻസ് പരിരക്ഷ, സുരക്ഷ ഉപകരണങ്ങൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

10) ബോട്ടിന് അനുവദിക്കുന്ന വാടക നിരക്കുകൾക്ക് സർക്കാരിന്റെ ആദായ നികുതികൾ ബാധകമായിരിക്കും.

11) ബോട്ട് ക്വട്ടേഷണറുടെ ഉടമസ്ഥതയിൽ ഉള്ളതല്ലെങ്കിൽ യഥാർത്ഥ ബോട്ട് ഉടമയുടെ സമ്മതപത്രം കൂടി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

12) ബോട്ടിന്റെ ഉടമസ്ഥാവകാശ രേഖകളുടെയും ഇൻഷ്വറൻസ്, രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച രേഖകളുടെയും പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

13) കേരള അഡ്വഞ്ചർ ടൂറിസം ചീഫ് എക്സിക്യുട്ടീവിന്റെ അംഗീകാരത്തിന് വിധേയമായിരിക്കും ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നത്. ക്വട്ടേഷൻ ഉറപ്പിച്ച ഉത്തരവ് ലഭിച്ചതിനു ശേഷം ചീഫ് എക്സിക്യുട്ടീവ് , കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈററി, 500 രൂപയുടെ മുദ്രപത്രത്തിൽ ബോട്ടുടമ തൽസംബന്ധമായി ഒരു കരാർ വയ്ക്കേണ്ടതാണ്.

14) KATPS ന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശമനുസരിച്ച് ബോട്ട് ഏത് സ്ഥലത്തും പ്രവർത്തിപ്പിക്കേണ്ടതാണ്. അല്ലാതെ പക്ഷം ആയത് കരാർ ലംഘനമായി കണക്കാക്കും

15) ബോട്ട് KATPS ന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ / ഉദ്യോഗസ്ഥ നിർദ്ദേശിക്കുന്ന സ്ഥലത്ത് ബോട്ടുടമയുടെ ചെലവിൽ തന്നെ എത്തിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് കരാർ ലംഘനമായി കണക്കാക്കുന്നതാണ്.

16) ക്വട്ടേഷൻ ഉറപ്പിച്ചു കഴിഞ്ഞാലും ഭൗതിക പരിശോധനയിലോ, പ്രവർത്തനത്തിലോ ബോട്ട് തൃപ്തികരമല്ലെന്ന് കാണുന്ന പക്ഷം ക്വട്ടേഷൻ നിരക്കിലും, ക്വട്ടേഷൻ വ്യവസ്ഥകളക്കും വിധേയമായി ഉടമ തൃപ്തികരമായ വിധത്തിൽ പകരം ബോട്ട് നൽകേണ്ടതാണ്. പകരമായി ഏർപ്പെടുത്തുന്ന ബോട്ടിന് വാടകയും ഇന്ധനചാർജ്ജും മറ്റും ഉണ്ടാകാൻ പാടില്ല.

17) നിർദ്ദേശ പ്രകാരം ബോട്ട് എത്തിച്ചേരുന്ന ദിവസം മുതൽ വിടുതൽ ചെയ്യുന്ന ദിവസം വരെ വാടയ്ക്ക് അർഹത ഉണ്ടായിരിക്കും.

18) ബോട്ടിൽ നിയമാനുസൃതം ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും, ജി.പി.എസ് എക്കോ സൗണ്ടർ, വയർലെസ്സ് സെട്, രാത്രി സമയത്ത് തിരച്ചിലിനുപയോഗിക്കുന്ന ലൈറ്റ് തുടങ്ങിയവ ഉണ്ടായരിക്കേണ്ടതാണ്.

19) സർക്കാർ ക്വട്ടേഷൻ സംബന്ധിച്ച് എല്ലാ സർക്കാർ നിബന്ധനകളും ഈ ഇടപാടിനും ബാധകമായിരിക്കും

20) ക്വട്ടേഷനുകൾ യാതൊരു കാരണവുംകൂടാതെ നിരസിക്കാനുള്ള അധികാരം ചീഫ് എക്സിക്യൂട്ടീവ് , കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈററിക്ക് ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471–2320777 9446074020

ചീഫ് എക്സിക്യൂട്ടീവ്

കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈററി